പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **1351** 13.12.2012-ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ വകുപ്പിൽ കേസ്സുകൾ തീർപ്പാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി;<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ;<br>ശ്രീ. ആർ. സെൽവരാജ്;<br>ശ്രീ.ലൂഡി ലൂയിസ്; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ)രജിസ്ട്രേഷൻ വകുപ്പിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാനുള്ള പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 1959 ലെ കേരള മുദ്രപ്പത്രനിയമത്തിലെ 9 (1) (സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ, ടി നിയമത്തിലെ 45 ബി വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച അണ്ടർവാല്യൂവേഷൻ കേസ്സുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി, പൊതുതാല്പര്യാർത്ഥം, മുദ്രവില/ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകികൊണ്ട്, 25/8/2012 ലെ 151/2012/നി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 2012 ഡിസംബർ 31 വരെയാണ്. പദ്ധതിയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. |

| | | ഭൂമിയുടെ സ്ഥാനമനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടി | | |
|---|---|---|---|---|
| നം | വിസ്തൃതി | കോർപ്പറേഷൻ | മുനിസിപ്പാലിറ്റി | പഞ്ചായത്ത് |
| 1 | 5സെന്റ് വരെയുള്ള കൈമാറ്റങ്ങൾ | 2000 രൂപ | 1000 രൂപ | മൊത്തമായും ഒഴിവാക്കിയിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2 | 5 സെന്റിനു മുകളിൽ 10 സെന്റു വരെ | 5000 രൂപ | 3000 രൂപ | 1000 രൂപ |
| 3 | 10 സെന്റിനുമുകളിൽ 50 സെന്റു വരെ | 10000 രൂപ | 5000 രൂപ | 2000 രൂപ |
| 4 | 50 സെന്റിനു മുകളിൽ | നേരത്തെ അടച്ച മുദ്ര വിലയുടെ 6%, അല്ലെങ്കിൽ 12,000/- രൂപ, ഏതാണോ കൂടുതൽ അത്. | നേരത്തേ അടച്ച മുദ്ര വിലയുടെ 4%, അല്ലെങ്കിൽ 7,000/- രൂപ, ഏതാണോ കൂടുതൽ അത്. | നേരത്തേ അടച്ച മുദ്ര വിലയുടെ 2%, അല്ലെങ്കിൽ 3,000/- രൂപ, ഏതാണോ കൂടുതൽ അത്. |

മേൽ പ്രസ്താവിച്ച നിരക്കിൽ കുറവുമുദ്രവില അടയ്ക്കാവുന്നതാണ്. കുറവു രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | (ബി) വർഷങ്ങളായി തീർപ്പാക്കാതെ കിടക്കുന്ന കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സത്വരമായി തീർപ്പാക്കി സർക്കാരിലേയ്ക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| (സി) ഏതെല്ലാം കേസ്സുകളാണ് പദ്ധതി അനുസരിച്ച് തീർപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) 1986 മുതൽ 2012 മാർച്ച് 31 വരെ കുടിശ്ശിക ആയിട്ടുള്ള, റവന്യു റിക്കവറിക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ ഉൾപ്പെടെയുള്ള അണ്ടർ വാലേഷൻ കേസുകൾ. |

| | |
|---|---|
| (ഡി)പദ്ധതിയുടെ കാലാവധി എന്നുവരെയാണ്; | (ഡി) 2012 ഡിസംബർ 31 വരെ |
| (ഇ) കാലാവധി നീട്ടുന്ന കാര്യം പരിഗണനയി - ലുണ്ടോ? | (ഇ) ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളു. |

സെക്ഷൻ ഓഫീസർ